

TUESDAY 12-10-2021 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor : George Sebastian Editor : Dr Asha T T

Farm Information Bureau, Kowdiar, Thiruvananthapuram -695003
Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -12/10/2021

1. കൃഷി വകുപ്പ് ഫാമുകൾ, കാർഷിക സർവ്വകലാശാല എന്നിവയുടെ അംഗീകൃത എജൻസികൾ/ഫ്രാഞ്ചൈസികൾ എന്ന പേരിൽ നടീൽ വസ്തുക്കളുമായി വ്യാജ സംഘങ്ങൾ വീടുകൾ കയറി വിൽപന നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഇത്തരം പ്രചരണങ്ങളിൽ വഞ്ചിതരാകരുതെന്നും കൃഷി ഡയറക്ടർ അറിയിപ്പു നൽകി. പലപ്പോഴും ഇത്തരം സംഘങ്ങൾ കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ പേരിൽ വ്യാജസീൽ പതിപ്പിച്ച രസീതും കർഷകർക്കു നൽകാറുണ്ട്. കൃഷിവകുപ്പിന് നടീൽ വസ്തുക്കളുടെ വില്പനയ്ക്കായി ഇത്തരം ഏജൻസികളോ, സഞ്ചരിക്കുന്ന വില്പന വാഹനങ്ങളോ ഇല്ലാത്തതാകുന്നു. കൃഷി വകുപ്പ് ഫാമുകൾ, കൃഷിഭവനുകൾ എന്നിവ മുഖാന്തിരമാണ് കൃഷിവകുപ്പ് നടീൽവസ്തുക്കൾ സൗജന്യ നിരക്കിൽ കർഷകർക്ക് വിൽപന നടത്തുന്നത്. ആയതിനാൽ കർഷകർ തൊട്ടടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെട്ടു മാത്രമേ സർക്കാർ സംബന്ധമായ ഇടപാടുകൾ നടത്താവൂ എന്ന് കൃഷിവകുപ്പ് ഡയറക്ടർ അറിയിക്കുന്നു.

2. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനമൊട്ടാകെ നാലു മാസത്തിനു മുകളിൽ പ്രായമുള്ള പശുക്കൾക്കും എരുമകൾക്കും മൃഗസംരക്ഷണവകുപ്പ് സൗജന്യ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നു. നവംബർ 3 വരെ നീണ്ടുനിൽക്കുന്ന ഈ കുളമ്പുരോഗ നിവാരണ യജ്ഞക്കാലയളവിൽ മൃഗസംരക്ഷണവകുപ്പിൽ നിന്നും ഉദ്യോഗസ്ഥർ കർഷകരുടെ വീട്ടുകളിൽ എത്തി ഉരുക്കൾക്ക് പ്രതിരോധ വാക്സിൻ നൽകുന്നതാണ്. എല്ലാ കർഷകരും തങ്ങളുടെ പശുക്കളേയും എരുമകളേയും ഈ കാലയളവിൽ കുളമ്പുരോഗത്തിനെതിരായുള്ള സൌജന്യ പ്രതിരോധകുത്തിവയ്പ്പിനു വിധേയമാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

## പരിശീലന പരിപാടികൾ

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **ശാസ്ത്രീയ തേനീച്ച വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. നാളെ (ഒക്ടോബർ 13 ന്) രാവിലെ 10 മുതൽ **തെള്ളിയൂരിൽ** പ്രവർത്തിക്കുന്ന പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ചാണ് പരിശീലനം നടക്കുന്നത്. കൂടുതൽ വിവരങ്ങൾക്കും പരിശീലനത്തിൽ പങ്കെടുക്കുന്നതിനും **8078572094** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

4. എച്ച്.ആർ.ഡി ട്രെയിനിംഗിന്റെ ഭാഗമായി ഈ മാസം **26,27,28** (ഒക്ടോബർ 26,27,28) തീയതികളിൽ **പൂന്തോട്ട നിർമ്മാണം, നഴ്സറി പരിപാലനം, സസ്യപ്രവർദ്ധന രീതികൾ** എന്നിവ ഉൾപ്പെടുത്തി മൂന്നു ദിവസത്തെ പരിശീലനം **തിരുവനന്തപുരം കഴക്കൂട്ടം ആർ.എ.റ്റി.റ്റി.സി** യിൽ വച്ച് നടത്തുന്നു. താൽപര്യമുള്ളവർ ഈ മാസം **20**-ന് മുമ്പായി രാവിലെ 11 മണിക്കും 4.30 നും ഇടയ്ക്കുള്ള സമയങ്ങളിൽ **9497360649, 9447551954** എന്നീ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 പേർക്കാണ് പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ അവസരം ലഭിക്കുക.

5. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **പശുവളർത്തൽ** എന്ന വിഷയത്തിൽ ഇന്ന് രാവിലെ 10.30 മുതൽ ഓൺലൈൻ പിശീലനം നടത്തുന്നു. സൂം പ്ലാറ്റ്ഫോമിൽ നടത്തുന്ന പരിശീലനത്തിൽ പങ്കെടുക്കാനായി **9188522713** എന്ന നമ്പരിൽ വാട്സ്ആപ്പ് മെസേജ് അയയ്ക്കേണ്ടതാണ്.

6. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (12/10/2021 നു) രാവിലെ 11 മണിക്ക് **'നല്ല പാൽ നല്ല വില'** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി ഇനി പറയുന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക http://meet.google.com/iff-xwbj-kqe കൂടുതൽ വിവരങ്ങൾക്ക് **0481– 2302223 / 9447824520** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

7. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്നും നാളെയുമായി (12.10.2021, 13.10.2021) തീയതികളിൽ **എരുമ വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നതാണ് പങ്കെടുക്കാൻ താല്പര്യമുള്ളവർ 0471 – 2732918 എന്ന ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. കോഴിക്കോട് ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ പാൽ ഗുണമേന്മ വർഷാചരണത്തിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ ക്ഷീരകർഷകർക്ക് ഇന്ന് (ഒക്ടോബർ12-ന്) രാവിലെ 10.30 മണിക്ക് **ഭക്ഷ്യ സുരക്ഷ നിയമം – 2006, പാൽ ഗുണനിലവാരത്തിന്റെ പ്രാധാന്യം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി meet.google.com/wsn-ksbg-sko എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക

## കാർഷിക നിർദ്ദേശങ്ങൾ

9. കുരുമുളക് തോട്ടം വൃത്തിയായി സൂക്ഷിക്കേണ്ടതും, തണൽ ക്രമീകരിക്കേണ്ടതുമാണ്. പൊള്ളുവണ്ടിന്റെ ഉപദ്രവം ഉണ്ടെങ്കിൽ, **ക്വിനൽഫോസ്** 2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന കണക്കിന് തളിച്ച് ഇതിനെ നിയന്ത്രിക്കണം. കീടനാശിനി ആവശ്യമെങ്കിൽ മാത്രമെ തളിക്കാവൂ. കുരുമുളകിന്റെ ദ്രുതവാട്ടത്തിനെതിരെ **ട്രൈക്കോഡെർമ്മ കൾച്ചർ** 90 കി.ഗ്രാം ഉണക്കിപ്പൊടിച്ച ചാണകവും 10 കി.ഗ്രാം വേപ്പിൻ പിണ്ണാക്കും കൂട്ടി കലർത്തിയ മിശ്രിതം ഉണ്ടാക്കുക. ഇത് തണലിൽ കൂനകൂട്ടി നനഞ്ഞ ചാക്കുകൊണ്ട് പുതയിട്ട് മൂടിയിടണം. 5 ദിസങ്ങൾക്കു ശേഷം ഒന്നു കൂടി നനച്ച് വീണ്ടും ഒരാഴ്ച കഴിഞ്ഞ് പച്ച നിറത്തിൽ കുമിൾ വളർന്നു വന്നാൽ ഉപയോഗിക്കാം. ഇത് ഓരോ തടത്തിനും 2 മുതൽ 5 കിലോഗ്രാം എന്ന തോതിൽ ചേർത്തു കൊടുക്കാവുന്നതാണ്. മണ്ണിലെ ജൈവാംശത്തിന്റെ തോതനുസരിച്ച് ട്രൈക്കോഡെർമ്മയുടെ പ്രവർത്തനം 3 മുതൽ 4 മാസങ്ങളോളം നിലനിൽക്കുന്നതാണ്. **മണ്ണുത്തിയിലുള്ള സെയിൽസ് സെന്ററിലും വെള്ളാനിക്കരയിലുള്ള സെൻട്രൽ നഴ്സറിയിലും ഹോർട്ടിക്കൾച്ചർ കോളേജിലെ ബിസിസിപി വിഭാഗത്തിലും ട്രൈക്കോഡെർമ്മ കൾച്ചർ ലഭ്യമാണ്.**

10. ജാതിയുടെ **കൊമ്പുണക്ക** രോഗത്തെ നിയന്ത്രിക്കാനായി ഒരു ശതമാനം വീര്യമുള്ള **ബോർഡോ മിശ്രിതം** അല്ലെങ്കിൽ **കോപ്പർ ഓക്സിക്ലോറൈഡ്** 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ മരത്തിന്റെ എല്ലാ

ഭാഗത്തും വീഴത്തക്കവണ്ണം തളിക്കാം. കൂടാതെ **കോപ്പർ ഓക്സിക്ലോറൈഡ്** മരത്തിന്റെ കടയ്ക്കൽ 5 മുതൽ 10 ലിറ്റർ വരെ ഒഴിച്ചു കൊടുക്കണം. മരുന്ന് തളി നടത്തുന്നതിനു മുമ്പ് ഉണക്കം ബാധിച്ച കൊമ്പുകൾ ഒരിഞ്ച് താഴെ വെച്ച് മുറിച്ച് കളഞ്ഞതിന് ശേഷം കത്തിച്ചു കളയുകയോ കുഴിച്ചു മൂടുകയോ ചെയ്യണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം